## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3433 — 09.04.2013 —ൽ - മറുപടിക്ക്

# ബി.പി.എൽ കാർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് :<br>,, എം. എ. വാഹീദ് :<br>,, പാലോട് രവി :<br>,, എ. പി. അബ്ദുളളക്കുട്ടി : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എ. പി. എൽ കാർഡു ളള ചില വിഭാഗക്കാർക്ക് ബി.പി.എൽ കാർഡ് നൽകാൻ തീരുമാനമെടുത്തി ട്ടുണ്ടോ;<br>(ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഇതു ബാധകമാക്കാനുദ്ദേശിക്കുന്നത്;<br>(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുളളത്; | (എ), (ബി) & (സി) 27.04.12 ലെ സ.ഉ.(കൈ)നം.112/2012/ത.സ്വ.ഭ.വ. ഉത്തരവ് അനുസരിച്ച് ആശ്രയ പദ്ധതിയിൽ അംഗങ്ങളായുളളവർ, മാനസികവും ശാരീരികവുമായ വൈകല്യം ഉളളവർ, ഓട്ടിസം ബാധിച്ചവർ, ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ, എയ്ഡ്സ്, ക്യാൻസർ രോഗികളും, ഡയാലിസിസിന് വിധേയരാകുന്നവരും, പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും, ശരീരം തളർന്ന് ശയ്യാവലംബരായവരേയും ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും 05.11.11ലെ ജി.ഒ.(എം.എസ്)നം.38/11/ഭ.സി.സ.വ. ഉത്തരവ് പ്രകാരം അന്വേഷണ -വിധേയമായി മുൻഗണനാ ക്രമത്തിൽ ജില്ലാ കളക്ടർമാർ പരിശോധിച്ച് ബി.പി.എൽ. കാർഡുകൾ നൽകുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇത് വഴി കാർഡുടമകൾക്ക് ലഭിക്കുന്നത്? | (ഡി) മാസംതോറും 1 രൂപ നിരക്കിൽ 25. കി.ഗ്രാം. അരി, 2 രൂപ നിരക്കിൽ 8. കി.ഗ്രാം. ഗോതമ്പ്, കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ കാർഡിലുൾപ്പെട്ട ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര എന്നിവ ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ